## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3529.

14.03.2017 - ൽ
മറുപടിയ്ക്ക്

### പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും ഇറക്കിയ ഉത്തരവുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും 28.1.2017 ൽ ഇറക്കിയ Msg No.94/C&T/Tele/2017, S.O.No.12/ 2017/Tele എന്നീ ഉത്തരവുകൾ ഒരേ ഉദ്യോഗസ്ഥൻ തന്നെ രണ്ട് ഉദ്യോഗപ്പേരിൽ ഇറക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>(ബി) ഇല്ലാത്ത ഉദ്യോഗപ്പേരിൽ ഉത്തരവിറക്കിയ നടപടി ശരിയാണോയെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും | 94/C&T/Tele/2017 എന്ന സന്ദേശം 28.01.2017 ന് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സി&റ്റി)-ന്റെ ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ളതും എസ്.ഒ.നം.12/2017/ടെലി. എന്ന ഉത്തരവ് പോലീസ് സൂപ്രണ്ട്, ടെലികമ്യൂണിക്കേഷൻ ഓഫീസിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി കാലയളവിൽ ശ്രീ. എസ്. അനിൽ കുമാർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സി&റ്റി), ടെലികമ്യൂണിക്കേഷൻസ്-ആണ് പോലീസ് സൂപ്രണ്ട് (ടെലികമ്യൂണിക്കേഷൻസ്)-ന്റെ അധിക ചുമതല കൂടി വഹിച്ചിരുന്നത്. ആയതിനാലാണ് ടി ഉത്തരവുകൾ രണ്ട് ഉദ്യോഗപ്പേരിൽ ഒരാൾ തന്നെ ഒപ്പിട്ട് പുറപ്പെടുവിച്ചത്.<br><br>പോലീസ് വിഭാഗത്തിലെ ഫയൽ കൈകാര്യം ചെയ്യുന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറായ iAPS –ൽ i/c Superintendent of Police, Telecommunications എന്ന ഉദ്യോഗപ്പേര് ഇല്ലാത്തതിനാൽ പ്രസ്തുത സോഫ്റ്റ്‌വെയർ വഴി അംഗീകാരം നൽകിയ ഉത്തരവുകൾക്ക് i/c Superintendent of Police, Telecommunications എന്ന് എഴുതി കാണാറില്ല. |

സെക്ഷൻ ഓഫീസർ